**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5305** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | **ശ്രീ കെ ബി ഗണേഷ് കുമാർ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷനുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(എ) ഉണ്ട്. 17.03.2025 വരെ സംസ്ഥാനത്ത് 2,30,027 ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ രജിസ്ട്രേഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| Sl.No. | Year | Total Registration | No. of EVs registered | % |
|---|---|---|---|---|
| 1 | 2025 (till 17.03.2025) | 1,56,666 | 17,745 | 11.33 |
| 2 | 2024 | 7,78,914 | 83,259 | 10.69 |
| 3 | 2023 | 7,59,198 | 75,809 | 9.99 |
| 4 | 2022 | 7,84,080 | 39,632 | 5.05 |

KSRTC-SWIFT ലിമിറ്റഡിൽ 165 എണ്ണം ഇലക്ട്രിക് ബസുകൾ രജിസ്റ്റർ ചെയ്ത് സർവ്വീസ് നടത്തി വരുന്നു. ഇലക്ട്രിക് ബസുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| കാലയളവ് | ഇലക്ട്രിക് |
|---|---|
| 2021-22 | - |
| 2022-23 | 50 |
| 2023-24 | 95 |
| 2024-25 | 20 |
| ആകെ | 165 |

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പാരമ്പര്യേത ഊർജ്ജ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും പുനരുപയോഗ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതികാഘാതം ലഘൂകരിക്കുന്നതിനും വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഒരു ഇലക്ട്രിക് വെഹിക്കിൾ പോളിസി 10.03.2019-ലെ സ.ഉ.(കൈ.)നം. 24/2019/ഗതാ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

വൈദ്യുത വാഹനങ്ങളുടെ പ്രചാരണത്തിൽ ചാർജിംഗ് സൗകര്യങ്ങളുടെ അഭാവം ഒരു പ്രധാന തടസ്സമാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് KSEB, ANERT, KSRTC എന്നിവരുമായി സഹകരിച്ച് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

a) ANERT വഴി വിവിധ ഓഫീസുകളിൽ 315 ലക്ഷം രൂപ ചെലവിൽ 35 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് പുരോഗമിച്ചു വരികയാണ്.

b) സ്വകാര്യ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 64 ലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ANERT വഴിയാണ് സബ്സിഡി വിതരണം ചെയ്യുന്നത്.

C) KSEBയുടെ സഹായത്തോടെ 32 ചാർജിംഗ് സ്റ്റേഷനുകളും ചാർജിംഗ് സൗകര്യങ്ങളും പൊതുജനങ്ങൾക്കായി സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 5 കോടി രൂപ KSEB-യ്ക്ക് നൽകിയിട്ടുണ്ട്.

d) തിരുവനന്തപുരം സെൻട്രൽ, പാപ്പനംകോട് ഡിപ്പോകളിൽ ഹൈസ്പീഡ് ഫാസ്റ്റ് ചാർജിംഗ് സൗകര്യം സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദ റോഡ് ഗതാഗത മാർഗ്ഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ജനപ്രിയമാക്കുന്നതിനുമുള്ള മറ്റ് സംരംഭങ്ങൾ ചുവടെ ചേർത്തിട്ടുണ്ട് :

1. ശബരിമല സേഫ് സോൺ പദ്ധതി പ്രകാരം ഗതാഗത നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിലൂടെ അന്തരീക്ഷ മലിനീകരണം, പ്രവർത്തനച്ചെലവ് എന്നിവ ഫലപ്രദമായി കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്.

2. വിവിധ സ്റ്റേക്ക് ഹോൾഡർമാരുമായി സഹകരിച്ച് ഇലക്ട്രിക് വാഹനങ്ങൾ, ബാറ്ററികൾ, ചാർജിംഗ് ഉപകരണങ്ങൾ, ചാർജിംഗ് സ്റ്റേഷനുകൾ മുതലായവയെക്കുറിച്ചുള്ള ചർച്ചകളും പുതിയ സാങ്കേതിക പ്രദർശനങ്ങളും ഉൾപ്പെടുത്തികൊണ്ട് ഇ-മൊബിലിറ്റി എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി EVOLVE 2022 സംഘടിപ്പിച്ചിട്ടുണ്ട്.

3. ഇലക്ട്രിക് വാഹനങ്ങളുടെ പ്രോത്സാഹനത്തിനും ഇതേ മേഖലയിലെ റിസർച്ച് & ഡവലപ്പ്മെന്റിനും ചുവടെ ചേർത്തിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്:

(i) 15 MVD ഓഫീസുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കൽ G.O.(Rt) No.496/2022/Trans dated 24.1 1.2022 പ്രകാരം 15 എംവിഡി ഓഫീസുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 135 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ആയത് പ്രകാരം ചാർജ്ജിംഗ് സ്റ്റേഷൻ വിവിധ ഓഫീസുകളിൽ സ്ഥാപിക്കുന്നതിന് അനെർട്ടിന് ചുമതല നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

(ii) സർക്കാരിന്റെ നൂറുദിന പരിപാടിയോടനുബന്ധിച്ച് 2024-25 സാമ്പത്തിക വർഷം 1000 ഇ-ഓട്ടോറിക്ഷകൾക്ക് 3,00,00,000/- രൂപ സബ്സിഡി സർക്കാർ അനുവദിക്കുകയും, അതനുസരിച്ച് 1000 ഗുണഭോക്താക്കൾക്ക് ഇ-സബ്സിഡി നൽകിയിട്ടുണ്ട്.

(iii) Green Hydrogen prototype പ്ലാന്റ് നിർമ്മിക്കുക എന്ന പദ്ധതി രൂപകൽപ്പന ചെയ്യുന്നതിന്റെ ഭാഗമായി 23 ലക്ഷം രൂപ സാമ്പത്തിക സഹായം മൂന്ന് ഘട്ടമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോളേജ് ഓഫ് എൻജിനീയറിംഗ് നൽകിയ പ്രൊപ്പോസലിൽ സർക്കാർ ആദ്യ ഘട്ടം പൂർത്തീകരിക്കുന്നതിന് 3 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(iv) മോട്ടോർ വാഹനങ്ങൾ വൈദ്യുത വാഹനങ്ങളാക്കി മാറ്റുന്നതിനും നിലവിലുള്ള വൈദ്യുതവാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുമായി മോട്ടോർ വാഹന വകുപ്പിന്റെ 20 ഓഫീസുകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനെർട്ടിനെ ഏൽപ്പിക്കുകയും, ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിച്ചു വരികയുമാണ്.

(v) പൊതു ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനു സംരംഭകർക്കും സ്വകാര്യ വ്യക്തികൾക്കും ബെഞ്ച്മാർക്ക് വിലയുടെ 25% വരെ സബ്സിഡിയായി 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 42.25 ലക്ഷം രൂപ 19 സംരഭകർക്ക് അനെർട്ട് നൽകിയിട്ടുണ്ട്.

(vi) കെ.എസ്.ആർ.ടി.സി-യിൽ ഇലക്ട്രിക് വെഹിക്കിൾ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി 200 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി-യ്ക്ക് കൈമാറിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | (vi) ഇ-മൊബിലിറ്റിയുടെ ഗവേഷണം, നവീകരണം, നൈപുണ്യ വികസനം എന്നിവ ലക്ഷ്യമിടുന്ന സെന്റർ ഓഫ് എക്സലൻസ് നടപ്പിലാക്കുന്നതിനായി ശ്രീചിത്തിര തിരുനാൾ കോളേജിന് 95 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ സൗകര്യം പ്രദാനം ചെയ്യുന്നതും പൂർണമായും പരിസ്ഥിതി മലിനീകരണം ഒഴിവാക്കുകയും ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഇലക്ട്രിക്ക് ബസ്സുകൾ ഉപയോഗിക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി. യ്ക്ക് കഴിഞ്ഞിട്ടുണ്ട്.<br><br>നിലവിൽ 52 (2 ഡബിൾ ഡക്കർ ഉൾപ്പെടെ) ഇലക്ട്രിക് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്യും കൂടാതെ 113 ഇ-ബസ്സുകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങിയും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (സി) | ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് സംസ്ഥാനത്ത് മതിയായ പൊതുചാർജിംഗ് സ്റ്റേഷനുകൾ ഉറപ്പാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | വൈദ്യുത വാഹനങ്ങളുടെ പ്രചാരണത്തിൽ ചാർജിംഗ് സൗകര്യങ്ങളുടെ അഭാവം ഒരു പ്രധാന തടസ്സമാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് KSEB, ANERT, KSRTC എന്നിവരുമായി സഹകരിച്ച് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. സംസ്ഥാനത്തുടനീളമുള്ള ഫലപ്രദമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി, അനെർട്ടിൽ നിന്ന് 71 ഇലക്ട്രിക് വാഹനങ്ങൾ വകുപ്പ് വാടകയ്ക്കെടുത്തിട്ടുണ്ട്. ANERT വഴി മോട്ടോർ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ 315 ലക്ഷം രൂപ ചെലവിൽ 35 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നു. ഇതിന്റെ പണി പുരോഗമിക്കുന്നു.<br><br>2. സ്വകാര്യ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 64 ലക്ഷം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ANERT വഴി സബ്സിഡി വിതരണം ചെയ്തുവരുന്നു.<br><br>3. KSEBയുടെ സഹായത്തോടെ വകുപ്പ് 32 ചാർജിംഗ് സ്റ്റേഷനുകളും ചാർജിംഗ് സൗകര്യങ്ങളും പൊതുജനങ്ങൾക്കായി സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 5 കോടി രൂപ KSEB-യ്ക്ക് നൽകിയിട്ടുണ്ട്.<br><br>4. പൊതുഗതാഗതത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വളരെ ഉപയോഗപ്രദമാകുമെന്ന വസ്തുതയും ഏറ്റവും കൂടുതൽ ഇലക്ട്രിക് ബസുകളുള്ള ഈ മേഖലയിലെ പ്രധാന പങ്കാളികളിൽ ഒന്നാണ് കെ.എസ്.ആർ.ടി.സി എന്നതും കണക്കിലെടുത്ത്, തിരുവനന്തപുരം സെൻട്രൽ, പാപ്പനംകോട് ഡിപ്പോകളിൽ ഹൈസ്പീഡ് ഫാസ്റ്റ് ചാർജിംഗ് സൗകര്യം സ്ഥാപിക്കുന്നതിന് വകുപ്പ് 200 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.<br><br>PMI ബസ്സുകൾക്കായി 12 ചാർജറുകളും (സെൻട്രൽ വർക്ക്സ് - 1, പേരൂർക്കട – 1, നെയ്യാറ്റിൻകര – 1, നെടുമങ്ങാട് - 1, സിറ്റി ഗാരേജ് - 4, ആറ്റിങ്ങൽ – 1, തിരു. സെൻട്രൽ – 1, കാട്ടാക്കട – 1, വെഞ്ഞാറമൂട് -1) Volvo Eicher ബസ്സുകൾക്കായി 15 ചാർജറുകളും (സെൻട്രൽ വർക്സ് - 2, വികാസ് ഭവൻ – 1, തിരു. സെൻട്രൽ – 1, തെക്കേ തെരുവ് - 1, സിറ്റി - 1, പാപ്പനംകോട് - 7, കണിയാപുരം - 1, വിഴിഞ്ഞം - 1) Double Decker ബസ്സുകൾക്കായി 2 ചാർജ്ജറുകളും (STC-1, സ്വിഫ്റ്റ് ഓഫീസ് - 1) കെ.എസ്.ആർ.ടി.സി. സ്ഥാപിച്ചിട്ടുണ്ട്.<br><br>പേരൂർക്കട ഡിപ്പോയിൽ ഒരേ സമയം 8 ബസ്സുകൾ ചാർജ്ജ് ചെയ്യുന്ന വിധത്തിലുള്ള ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണവും കിളിമാനൂർ, പൂവ്വാർ, വെള്ളനാട്, ആര്യനാട് എന്നീ ഡിപ്പോകളിൽ ഓരോ ചാർജർ വീതം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.<br><br>പൊതുജനങ്ങൾക്ക് ഇലക്ട്രിക്ക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി കെ.എസ്.ആർ.ടി.സി. യുടെ സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും അതിലൂടെ തെരെഞ്ഞെടുക്കപ്പെട്ട കമ്പനിയ്ക്ക് ചാർജിംഗ് സ്റ്റേഷൻ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള അനുമതി ഉത്തരവ് നൽകുകയും ചെയ്തു. നിലവിൽ വിതുര, സുൽത്താൻ ബത്തേരി, മൂന്നാർ എന്നിവിടങ്ങളിൽ ചാർജിംഗ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ